**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3961** **17-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വിവിധ ആശുപത്രികളിലെ ഡോക്ടർ - രോഗി അനുപാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ തലത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും നിശ്ചിയിച്ചിട്ടുള്ള ഡോക്ടർ, രോഗി അനുപാതം എത്രയാണെന്നും അവ ഏറ്റവും ഒടുവിൽ നിശ്ചയിച്ചത് എന്നാണെന്നും വിശദമാക്കാമോ; | (എ) | സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 1961-ലാണ് ഒരു സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുള്ളത്. പിന്നീട് കാലാനുസൃതമായി നിരവധി പരിഷ്ക്കാരങ്ങൾ ആരോഗ്യ മേഖലയിൽ സർക്കാർ വരുത്തിയിട്ടുണ്ട്. 1983-ൽ മെഡിക്കൽ വിദ്യാഭ്യാസം പ്രത്യേക വകുപ്പായി രൂപീകരിക്കപ്പെട്ടു. ഇന്ന് ആരോഗ്യ മേഖലയിലെ തസ്തികകളിലും ഉത്തരവാദിത്തങ്ങളിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് ആർദ്രം മിഷൻ നടപ്പിലാക്കാൻ തുടങ്ങിയത് മുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമാക്കി സ്വീകരിച്ച കൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നുണ്ട്.<br><br>ആർദ്രം മിഷന്റെ ഭാഗമായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് മേജർ ആശുപത്രികളിലും ഘട്ടം ഘട്ടമായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അധിക തസ്തികകൾ സൃഷ്ടിച്ച വരുന്നു. കൂടാതെ LSGD, NHM, HMC, അഡ്ഹോക്ക് മുതലായവ പ്രകാരം ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ആവശ്യകത അനുസരിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ച വരുന്നുണ്ട്.<br><br>സർക്കാർ മെഡിക്കൽ കോളേജുകളിൽ സീറ്റുകൾക്ക് ആനുപാതികമായാണ് ഡോക്ടർമാരെ നിയമിക്കുന്നത്. അതിനായി NMC കാലാകാലങ്ങളിൽ മിനിമം സ്റ്റാൻഡേർഡ് റിക്വയർമെന്റ് (MSR) പുറപ്പെടുവിക്കുന്നതിന് അനുസൃതമായാണ് ഡോക്ടർമാരെ നിയമിക്കുന്നത്. പുതുതായി ആരംഭിച്ച ഇടുക്കി, കോന്നി, വയനാട്, കാസർഗോഡ് മെഡിക്കൽ കോളേജുകളിൽ NMC |

| | | | |
|---|---|---|---|
| | | | മാനദണ്ഡപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. |
| (ബി) | രോഗികളുടെ എണ്ണത്തിലെ വർദ്ധനവിന് അനുസരിച്ച് ഡോക്ടർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും എണ്ണം വർദ്ധിപ്പിക്കാത്തത് സംസ്ഥാനത്ത് മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്താൻ കഴിയാത്തതിന് കാരണമാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മെഡിക്കൽ കോളേജുകളുടെ അക്കാഡമിക നിലവാരം ഉയർത്താനും അതോടൊപ്പം തന്നെ മെച്ചപ്പെട്ട ചികിത്സ സൗകര്യം ഒരുക്കുന്നതിനുമായി 2016 മെയ് മുതൽ നാളിതു വരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 4642 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തു നടപ്പിലാക്കുന്ന നവകേരളം കർമ്മ പദ്ധതിയിലൂടെ ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ തലം മുതൽ ആരോഗ്യ മേഖലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും, സർക്കാർ ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനായി വിവിധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി അടക്കമുള്ള സേവനങ്ങളും താലൂക്ക്, താലൂക്ക്തല ആശുപത്രികളിൽ വിവിധ സ്പെഷ്യാലിറ്റി അടക്കമുള്ള സേവനങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നു. ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി ഒരു താലൂക്കിൽ ഒരു താലൂക്ക്തല ആശുപത്രി ഓരോ ബ്ലോക്കിലും ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം എന്നിങ്ങനെ ആർദ്രം പദ്ധതി പ്രകാരം മികവാർന്ന സേവനം ലഭ്യമാക്കി വരുന്നു. ആർദ്രം മാനദണ്ഡ പ്രകാരം ഓരോ തലങ്ങളിലായി ആശുപത്രികളെ പരിവർത്തനം ചെയ്യുകയും ടി സ്ഥാപനങ്ങളിലേക്ക് മാനവവിഭവശേഷി പ്രദാനം ചെയ്യുകയും ചെയ്തു. പരിവർത്തനം ചെയ്യപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യമായ ഡോക്ടർ മാരുടെയും മറ്റു ജീവനക്കാരുടെയും തസ്തിക ഘട്ടം ഘട്ടമായി സൃഷ്ടിച്ചുവരുന്നു. കൂടാതെ LSGD, NHM, HMC, KASP, അഡ്ഹോക്ക് വ്യവസ്ഥയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും ആവശ്യകത അനുസരിച്ച് താൽകാലിക അടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു. 2016 മുതൽ നാളിതുവരെ പൊതുജന സേവനം മെച്ചപ്പെടുത്തുന്നതിനായി ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും ആകെ 4325 തസ്തികകൾ ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | ആരോഗ്യ രംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ ഇത്തരം പരിമിതികൾ പ്രതികൂലമായി ബാധിക്കാൻ ഇടയാക്കിയിട്ടുണ്ടെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ എന്തെല്ലാം | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു |

| | | | |
|---|---|---|---|
| | പരിഹാരമാർഗ്ഗങ്ങളാണ് ആലോചിക്കുന്നതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ